2594

**കേരള സർക്കാർ**

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ശ്രീമതി. അംബിക ദേവി.പി ഫയൽ ചെയ്ത OA No.2069/2018 മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 30.10.2018 ലെ ഉത്തരവ് നടപ്പിലാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ(സാധാ) നം.69/2019/ആ.കു.വ                                        തിയതി, തിരുവനന്തപുരം, 14.01.2019.

പരാമർശം: 1. 28/06/2018 ലെ സ.ഉ(സാധാ)2062/2018/ആ.കു.വ.

2. ശ്രീമതി അംബിക ദേവി.പി 17.10.2018-ൽ സമർപ്പിച്ച നിവേദനം (Annexure A5).

3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 18.08.2018-ലെ ഇ ഇ 2/49096/2014/ ആ.വ.ഡ നമ്പർ കത്ത്.

4. OA No.2069/2018 മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 30.10.2018 ലെ ഉത്തരവ്.

**ഉത്തരവ്**

പേരൂർക്കട മാനസികാരോഗ്യ കേന്ദ്രത്തിൽ നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ് I ആയി ജോലി ചെയ്തു വരുന്ന ശ്രീമതി. അംബിക ദേവി.പി -യെ സൂചന 1 സർക്കാർ ഉത്തരവ് പ്രകാരം കണ്ണൂർ തലശ്ശേരി ജനറൽ ആശുപത്രിയിൽ നഴ്സിംഗ് ഓഫീസർ തസ്തികയിൽ പ്രൊമോഷൻ നൽകി നിയമിച്ചിരുന്നു. എന്നാൽ ടിയാരി ജോലിയിൽ പ്രവേശിച്ചിരുന്നില്ല. തുടർന്ന് ടിയാൾ ജോലിയിൽ പ്രവേശിക്കാതെ നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ് I തസ്തികയിൽ തുടർന്നുകൊണ്ട് തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ 01.07.2018 ൽ നിലവിൽ വന്ന നഴ്സിംഗ് ഓഫീസർ ഒഴിവിൽ മാറ്റി നിയമിക്കാൻ അപേക്ഷ സമർപ്പിക്കുകയുണ്ടായി. തുടർന്ന് തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ നിലവിലുള്ള ഒഴിവിൽ നഴ്സിംഗ് ഓഫീസർ തസ്തികയിൽ പ്രൊമോഷൻ നൽകി നിയമിക്കണം എന്ന് ആവശ്യപ്പെട്ട് 17.10.18 ൽ വീണ്ടും നിവേദനം (Annexure A5) സമർപ്പിക്കുകയും തുടർന്ന് ഇതേ ആവശ്യമുന്നയിച്ച് ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ OA 2069/2018 നമ്പരായി കേസ് ഫയൽ ചെയ്തിരുന്നു.

2. ശ്രീമതി. അംബിക ദേവി സമർപ്പിച്ച Annexure A5 നിവേദനം 1 മാസത്തിനകമോ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ നിലവിലുള്ള ഒഴിവ് നികത്തുന്നതിന് മുൻപോ (whichever is earlier) തീർപ്പുകല്പിക്കുവാൻ 1st Respondent ആയ സർക്കാരിനോട് ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ സൂചന 4 പ്രകാരം പ്രസ്തുത OA തീർപ്പാക്കിക്കൊണ്ട് നിർദ്ദേശിക്കുകയുണ്ടായി.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ച് പരാമർശം 1 പ്രകാരം പ്രൊമോട്ട് ചെയ്ത നഴ്സിംഗ് ഓഫീസർ തസ്തികയിൽ പ്രവേശിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത ഉത്തരവ് പ്രകാരമുള്ള ടിയാളുടെ സ്ഥാനക്കയറ്റം റദ്ദുചെയ്തുകൊണ്ടും, സൂചന 3 പ്രകാരമുള്ള ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിലും ശ്രീമതി.അംബികാദേവിയുടെ നിലവിലെ സാഹചര്യവും കണക്കിലെടുത്തു ടിയാളെ നഴ്സിംഗ് ഓഫീസർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകി തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ നിലവിലുള്ള നഴ്സിംഗ് ഓഫീസറുടെ ഒഴിവിൽ നിയമനം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. OA No.2069/2018 നമ്പർ കേസിലെ അനുബന്ധം A5 നിവേദനം ഇപ്രകാരം തീർപ്പാക്കികൊണ്ട് ബഹു. ട്രിബ്യൂണലിന്റെ 30.10.2018-ലെ ഉത്തരവ് നടപ്പിലാക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എൻ.മനോഹരൻ നായർ,**
അണ്ടർ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീമതി.അംബിക ദേവി, നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ് I, മാനസികാരോഗ്യ കേന്ദ്രം, പേരൂർക്കട. തിരുവനന്തപുരം.
സൂപ്രണ്ട്, മാനസികാരോഗ്യ കേന്ദ്രം, പേരൂർക്കട, തിരുവനന്തപുരം.
സൂപ്രണ്ട്, ജനറൽ ഹോസ്പിറ്റൽ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം.
Milan
സെക്ഷൻ ഓഫീസർ.

മേലെഴുത്ത് നം. ഇ2-49096/14/ആ.വ.ഡ തിയതി : 18.01.2019

അറിവിലേയ്ക്കും അനന്തര നടപടികൾക്കുമായി പകർത്തി അയക്കുന്നു.

ആരോഗ്യവകുപ്പ് ഡയറക്ടർക്ക് വേണ്ടി.